**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **31-01-2024 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സമത്വവും സാംസ്കാരിക മുന്നേറ്റവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സാംസ്കാരിക മുന്നേറ്റത്തിനും സ്ത്രീ സമത്വത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; | (എ) | ഉണ്ട്. കേരള സർക്കാർ സാംസ്കാരികകാര്യ വകുപ്പ് "സമം - സ്ത്രീ സമത്വ ത്തിനായി സാംസ്കാരിക മുന്നേറ്റം" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ‘സമം’ പദ്ധതി 2021 സെപ്റ്റംബർ 4 ന് ഉദ്ഘാടനം ചെയ്തു. വിവിധ മേഖലകളിൽ ഏറ്റവും മികവാർന്ന വനിതകളെ ആദരിച്ചു കൊണ്ടാണ് ചടങ്ങ് നടന്നത്.<br><br>സമം ഇതുവരെ നടത്തിയ പ്രധാനപരിപാടികൾ ചുവടെ ചേർക്കുന്നു.<br><br>(1) നിയമനിർമ്മാണ സഭകളിൽ ഇതുവരെ അംഗങ്ങളായിട്ടുള്ള വനിതകളെ 2021 നവംബർ 1 ന നിയമസഭയിൽ വച്ച് ആദരിച്ചു.<br><br>(2) സാംസ്കാരിക സ്ഥാപനങ്ങൾക്ക് സമം പദ്ധതി നടപ്പാക്കുന്നതിന് ഓരോ ജില്ലയുടെയും ചുമതല നൽകുകയും അതാത് ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് പദ്ധതിയുടെ ലക്ഷ്യം മുൻനിർത്തിയുള്ള പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>(3) ആദരിക്കൽ - ഇതുവരെ 700ൽ അധികം വനിതാപ്രതിഭകളെ ആദരിച്ചിട്ടുണ്ട്. അവരുടെ സംഭാവനകൾ ഉൾപ്പെടുത്തി ഒരു വെബ് സൈറ്റ് തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു.<br><br>(4) വനിതാദിന പരിപാടികൾ - മാർച്ച് 8 ന്റെ വനിതാദിനപരിപാടികൾ 2021 മുതൽ നടത്തി വരുന്നു.<br><br>(5) ഷീ റേഡിയോ - മലയാളം മിഷന്റെ റേഡിയോ മലയാളത്തിൽ 2021 മുതൽ സമം ഷീ റേഡിയോ പ്രക്ഷേപണം ചെയ്യുന്നുണ്ട്. |

(6) സമം ഫിലിം ഫെസ്റ്റിവൽ - ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഓരോ വർഷവും ഓരോ ജില്ലയിൽ വനിതാ ഫിലിം ഫെസ്റ്റിവൽ നടത്തിവരുന്നു. ഈ വർഷത്തെ സമം ഫിലിം ഫെസ്റ്റിവൽ ഫെബ്രുവരിയിൽ കൊച്ചിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്

(7) സമം ചെറുകഥാ ക്യാമ്പ് - സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 40 ചെറുകഥാകൃത്തുകൾക്ക് ദ്വിദിന ശില്പ ശാല 2024 ജനുവരി 19, 20 തീയതികളിൽ കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ വച്ച് സംഘടിപ്പിച്ചു.

ഈ സാമ്പത്തിക വർഷം തുടർന്ന് നടപ്പാക്കാനുദ്ദേശിക്കുന്ന മറ്റ് പരിപാടികൾ

1) ജെൻഡർ സ്റ്റീരിയോ ടൈപ്പ്സ് -

ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി പുറത്തിറക്കിയ കൈപ്പുസ്തകത്തെ ആധാരമാക്കി മലയാളപദങ്ങളും പ്രയോഗങ്ങളും തയ്യാറാക്കുക. നിയമവിദഗ്ധർ, ഭാഷാവിദഗ്ധർ, ജൻഡർ വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ ഉൾക്കൊളളിച്ചു കൊണ്ടുള്ള ആദ്യ ശില്പ ശാല ഫെബ്രുവരി 20,21 തീയതികളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി നടത്തുന്ന ചർച്ചകളും സെമിനാറുകളും വഴി ലിംഗ വാർപ്പ മാതൃകകൾക്ക് പദാവലികൾക്ക് പകരം വാക്കുകളും പ്രയോഗങ്ങളും മലയാളത്തിൽ കണ്ടെത്തി തയ്യാറാക്കുന്ന കൈപ്പുസ്തകം വനിതാദിനത്തിൽ പ്രകാശിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

2) സ്ത്രീധന നിരോധന ബോധവത്കരണ ക്യാമ്പയിൻ-

സർക്കാർ സർക്കാരിതര യുവജന സംഘടനകളെയും യൂണിവേഴിസിറ്റികളെയും ക്യാമ്പയിനിൽ പങ്കാളികളാക്കിക്കൊണ്ട് സ്ത്രീധനം എന്ന സാമൂഹിക വിപത്തിനെതിരെ യുവജനങ്ങൾക്കിടയിൽ വിപുലമായ ക്യാമ്പയിൻ നടത്തും. ഇതിന്റെ ഭാഗമായി സംസ്ഥാനാടിസ്ഥാനത്തിൽ ഷോർട്ട് ഫിലിം മത്സരവും തെരഞ്ഞെടുക്കപ്പെടുന്ന ഷോർട്ട് ഫിലിമുകളുടെ ഫെസ്റ്റിവലും നടത്തുന്നതിന് പദ്ധതിയുണ്ട്.

3) സുഗതായനം-സ്ത്രീ ആവിഷ്കാരങ്ങളുടെ അന്തർദേശീയ ഉത്സവം - 2024 മെയ് അവസാന ആഴ്ചയിൽ നടത്തുന്ന ഈ ഉത്സവം എല്ലാത്തരം നവകാല സ്ത്രീ ആവിഷ്കാരങ്ങളുടെയും (കല, സാഹിത്യം, സിനിമ, വിജ്ഞാനം, സംരംഭങ്ങൾ) പ്രകടനമായിരിക്കും.

| | | | |
|---|---|---|---|
| | | | 4)അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് "സമം സാംസ്കാരിക മുന്നേറ്റം" വിവിധ പരിപാടികളോടെ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ, ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ ഫെബ്രുവരി 2024ൽ 10,000 വനിതകളെ ഉൾപ്പെടുത്തി ഒരു സാംസ്കാരിക സംഗമം സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. കേരള സർക്കാർ സാംസ്കാരികകാര്യ വകുപ്പ് "സമം - സ്ത്രീ സമത്വ ത്തിനായി സാംസ്കാരിക മുന്നേറ്റം" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ‘സമം’ പദ്ധതി 2021 സെപ്റ്റംബർ 4 ന് ഉദ്ഘാടനം ചെയ്തു. വിവിധ മേഖലകളിൽ ഏറ്റവും മികവാർന്ന വനിതകളെ ആദരിച്ചു കൊണ്ടാണ് ചടങ്ങ് നടന്നത്.<br><br>സമം ഇതുവരെ നടത്തിയ പ്രധാനപരിപാടികൾ ചുവടെ ചേർക്കുന്നു.<br><br>(1) നിയമനിർമ്മാണ സഭകളിൽ ഇതുവരെ അംഗങ്ങളായിട്ടുള്ള വനിതകളെ 2021 നവംബർ 1 ന് നിയമസഭയിൽ വച്ച് ആദരിച്ചു.<br><br>(2) സാംസ്കാരിക സ്ഥാപനങ്ങൾക്ക് സമം പദ്ധതി നടപ്പാക്കുന്നതിന് ഓരോ ജില്ലയുടെയും ചുമതല നൽകുകയും അതാത് ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് പദ്ധതിയുടെ ലക്ഷ്യം മുൻനിർത്തിയുള്ള പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>(3) ആദരിക്കൽ - ഇതുവരെ 700ൽ അധികം വനിതാപ്രതിഭകളെ ആദരിച്ചിട്ടുണ്ട്. അവരുടെ സംഭാവനകൾ ഉൾപ്പെടുത്തി ഒരു വെബ് സൈറ്റ് തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു.<br><br>(4) വനിതാദിന പരിപാടികൾ - മാർച്ച് 8 ന്റെ വനിതാദിനപരിപാടികൾ 2021 മുതൽ നടത്തി വരുന്നു.<br><br>(5) ഷീ റേഡിയോ - മലയാളം മിഷന്റെ റേഡിയോ മലയാളത്തിൽ 2021 മുതൽ സമം ഷീ റേഡിയോ പ്രക്ഷേപണം ചെയ്യുന്നുണ്ട്.<br><br>(6) സമം ഫിലിം ഫെസ്റ്റിവൽ - ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഓരോ വർഷവും ഓരോ ജില്ലയിൽ വനിതാ ഫിലിം ഫെസ്റ്റിവൽ നടത്തിവരുന്നു. ഈ വർഷത്തെ സമം ഫിലിം ഫെസ്റ്റിവൽ ഫെബ്രുവരിയിൽ കൊച്ചിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട് |

(7) സമം ചെറുകഥാ ക്യാമ്പ് - സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 40 ചെറുകഥാകൃത്തുകൾക്ക് ദ്വിദിന ശില്പ ശാല 2024 ജനുവരി 19, 20 തീയതികളിൽ കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയത്തിൽ വച്ച് സംഘടിപ്പിച്ചു.

ഈ സാമ്പത്തിക വർഷം തുടർന്ന് നടപ്പാക്കാനുദ്ദേശിക്കുന്ന മറ്റ് പരിപാടികൾ

1) ജെൻഡർ സ്റ്റീരിയോ ടൈപ്പ്സ് -

ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി പുറത്തിറക്കിയ കൈപ്പുസ്തകത്തെ ആധാരമാക്കി മലയാളപദങ്ങളും പ്രയോഗങ്ങളും തയ്യാറാക്കുക. നിയമവിദഗ്ധർ, ഭാഷാവിദഗ്ധർ, ജൻഡർ വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ ഉൾക്കൊളളിച്ചു കൊണ്ടുള്ള ആദ്യ ശില്പ ശാല ഫെബ്രുവരി 20,21 തീയതികളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലായി നടത്തുന്ന ചർച്ചകളും സെമിനാറുകളും വഴി ലിംഗ വാർപ്പ മാതൃകകൾക്ക് പദാവലികൾക്ക് പകരം വാക്കുകളും പ്രയോഗങ്ങളും മലയാളത്തിൽ കണ്ടെത്തി തയ്യാറാക്കുന്ന കൈപ്പുസ്തകം വനിതാദിനത്തിൽ പ്രകാശിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

2) സ്ത്രീധന നിരോധന ബോധവത്കരണ ക്യാമ്പയിൻ-

സർക്കാർ സർക്കാരിതര യുവജന സംഘടനകളെയും യൂണിവേഴ്സിറ്റികളെയും ക്യാമ്പയിനിൽ പങ്കാളികളാക്കിക്കൊണ്ട് സ്ത്രീധനം എന്ന സാമൂഹിക വിപത്തിനെതിരെ യുവജനങ്ങൾക്കിടയിൽ വിപുലമായ ക്യാമ്പയിൻ നടത്തും. ഇതിന്റെ ഭാഗമായി സംസ്ഥാനാടിസ്ഥാനത്തിൽ ഷോർട്ട് ഫിലിം മത്സരവും തെരഞ്ഞെടുക്കപ്പെടുന്ന ഷോർട്ട് ഫിലിമുകളുടെ ഫെസ്റ്റിവലും നടത്തുന്നതിന് പദ്ധതിയുണ്ട്.

3) സുഗതായനം-സ്ത്രീ ആവിഷ്കാരങ്ങളുടെ അന്തർദേശീയ ഉത്സവം - 2024 മെയ് അവസാന ആഴ്ചയിൽ നടത്തുന്ന ഈ ഉത്സവം എല്ലാത്തരം നവകാല സ്ത്രീ ആവിഷ്കാരങ്ങളുടെയും (കല, സാഹിത്യം, സിനിമ, വിജ്ഞാനം, സംരംഭങ്ങൾ) പ്രകടനമായിരിക്കും.

4)അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് "സമം സാംസ്കാരിക മുന്നേറ്റം" വിവിധ പരിപാടികളോടെ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ, ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ ഫെബ്രുവരി 2024ൽ 10,000 വനിതകളെ ഉൾപ്പെടുത്തി ഒരു

| | | | |
|---|---|---|---|
| | | | സാംസ്കാരിക സംഗമം സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ